

WEDNESDAY 28-12-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. Saritha Vijayan K



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-28/12/2022.

1. 2023 ഫെബ്രുവരി 19 മുതൽ 10 ദിവസം വരെ പിലിക്കോട് ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ "ഫാംഷോ 2023" നടത്തുന്നു. കൃഷിയറിവുകൾ കൃഷിയിടത്തുതന്നെ പ്രദർശിപ്പിച്ചുകൊണ്ടും വിവിധ വിളകളുടെ ഇന വൈവിധ്യത, നൂതന സാങ്കേതിക വിദ്യകൾ, പരിശീലനങ്ങൾ, കാർഷിക മത്സരങ്ങൾ, വിനോദങ്ങൾ, കാർഷിക വിപണികൾ തുടങ്ങിയവ ഒരുക്കിക്കൊണ്ടുമാണ് ഫാംഷോ നടത്തുന്നത്. ഫാംഷോ ഉദ്ഘാടനം **2023 ഫെബ്രുവരി 19** -ന് കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിക്കും. പത്ത് ദിവസം നീണ്ടുനിൽക്കുന്ന പരിപാടിയിൽ കൃഷിയിട പ്രദർശനം, സെമിനാറുകൾ, പരിശീലനങ്ങൾ, ആധുനിക പരമ്പരാഗത കൃഷിരീതി ശാസ്ത്രപ്രദർശനം, ജൈവവൈവിധ്യ പ്രദർശനം, വിത്ത് മുതൽ വിള വരെ വിവിധ ഘട്ടങ്ങൾ പ്രതിപാദിക്കുന്ന മാതൃക തോട്ടങ്ങൾ, മൂല്യവർദ്ധനവിനുള്ള പ്രായോഗിക പരിശീലനം, റോബോട്ടിക്സ് നിർമ്മിതബുദ്ധി, നാനോ ടെക്നോളജി സങ്കേതങ്ങളുടെ പരിചയപ്പെടുത്തൽ, മൃഗസംരക്ഷണ സാങ്കേതിക വിദ്യകൾ, അപൂർവ്വ ഇനങ്ങളുടെ പ്രദർശനം, ഉൽപ്പന്ന വിപണനമേള, പുഷ്പ ഫല പ്രദർശനം തുടങ്ങി കൃഷിയുടെ സമസ്ത മേഖലകളെയും പരിചയപ്പെടുത്തുന്ന വിവിധ പരിപാടികൾ അരങ്ങേറുമെന്ന് അസോസിയേറ്റ് ഡയറക്ടർ അറിയിച്ചു.

2. ഇസ്രായേലിൽ പോയി കൃഷി പഠിക്കാൻ കേരളത്തിലെ കർഷകർക്ക് കൃഷി വകുപ്പ് അവസരം ഒരുക്കുന്നു. പരമാവധി 20 കർഷകർക്കാണ് അവസരം. നാളെ (ഡിസംബർ 29) വരെ അപേക്ഷിക്കാം. ഇസ്രയേൽ കൃഷിയിലെ സാങ്കേതികവിദ്യകൾ നേരിട്ടുകണ്ടു മനസ്സിലാക്കാനാണ് അവസരം. താൽപര്യമുള്ള കർഷകർ കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ (www.aimsnew.kerala.gov.in) മുഖേന അപേക്ഷിക്കണം. പത്ത് വർഷത്തിന് മുകളിൽ കൃഷി പരിചയവും 50 വയസ്സിന് താഴെയുള്ള, നൂതന രീതികൾ പ്രയോഗിക്കാൻ താല്പര്യമുള്ള കർഷകരെ ആയിരിക്കും തിരഞ്ഞെടുക്കുക. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

3. കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ സംസ്ഥാനത്തെ ഓരോ ജില്ലകളിൽ നിന്നും തൊഴിൽരഹിതരായ ഐടിഐ./വി എച്ച് എസ് ഇ ഓട്ടോമൊബൈൽ എൻജിനീയറിങ്, ഡീസൽ മെക്കാനിക്, മെക്കാനിക് അഗ്രികൾച്ചർ മെഷിനറി, മെക്കാനിക്കൽ സർവീസിങ് ആൻഡ് അഗ്രോമെഷീനറി, ഫാം പവർ എൻജിനീയറിങ്, മെക്കാനിക്ക് ട്രാക്ടർ എന്നീ ട്രേഡിൽ കോഴ്സ് പാസായവരിൽ നിന്നും തെരഞ്ഞെടുക്കുന്ന 20 പേർക്ക് കാർഷിക യന്ത്ര പ്രവർത്തനം, അറ്റകുറ്റപ്പണി എന്നിവയിൽ 20 ദിവസത്തെ പരിശീലനം നടത്തുന്നു. പ്രായപരിധി 18 -35 വയസ്സ്. താല്പര്യമുള്ളവർ 2022 ഡിസംബർ 30 ന് വൈകിട്ട് അഞ്ചുമണിക്ക് മുൻപായി കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ spokksasc1@gmail.com എന്ന ഇമെയിൽ വഴി അപേക്ഷകൾ അയക്കേണ്ടതാണ്. അപേക്ഷാഫോറവും കൂടുതൽ വിവരങ്ങളും മിഷന്റെ 8281200673 നമ്പർ വാട്സാപ്പിലൂടെ അല്ലെങ്കിൽ ഇ-മെയിൽ വഴി ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ് എന്ന് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ സി ഇ ഒ അറിയിച്ചു.

4. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ നിൽക്കുന്ന മരങ്ങളും മരങ്ങളുടെ ശിഖിരങ്ങളും ഇന്ന് (ഡിസംബർ 28) പകൽ 11 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ അന്നേ ദിവസം രാവിലെ 10.30-നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും 500 രൂപ നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2530035** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. ഐ എഫ് എസ് ആർ എസ് കരമനയിൽ ഗിഫ്റ്റ് തിലാപ്പിയ ഇനം മത്സ്യം ഒരു കിലോക്ക് 150 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്, ആവശ്യമുള്ളവർ നേരിട്ട് വന്ന് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446466239** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. പാലക്കാട് ജില്ലയിലെ പട്ടാമ്പി ക,ഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 30-ന് **സൗരോർജ്ജ പമ്പുസെറ്റുകൾ – ഊർജ്ജക്ഷമതയ്ക്കും ജലവിഭവ കാര്യക്ഷമതയ്ക്കും** എന്ന വിഷയത്തെക്കുറിച്ച് പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **628937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പുനലൂർ അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ രണ്ടു വർഷത്തെ കെ.ജി.സി.ഇ കോഴ്സായ '**ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഓഫ് അഗ്രികൾച്ചറൽ മെഷിനറീസ്** കോഴ്സിൽ പ്രവേശനം ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **8086087344, 9847882327** എന്നീ നമ്പരുകളിൽ ബന്ധപ്പെടുകയോ, www.polvadmission.org/kgee എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

8. ഐ എഫ് എസ് ആർ എസ് കരമനയിൽ **സംയോജിത കൃഷി, വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, മട്ടുപ്പാവ് കൃഷി** എന്നീ വിഷയങ്ങളിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **9446466239** എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

9. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്തം വ്യാപാര വിപണന കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന വേങ്ങേരി കാർഷിക പരിശീലന കേന്ദ്രം **ഡിസംബർ 29,30,31** തീയതികളിൽ '**വിള പരിപാലനം**' എന്ന വിഷയത്തിൽ കർഷകർക്ക് ത്രിദിന പരിശീലനം നടത്തുന്നു. താൽപര്യമുള്ള കർഷകർ **04952373582** എന്ന ഫോൺ നമ്പറിൽ വിളിച്ചു പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനു മുൻപ് ഈ കേന്ദ്രത്തിൽ നിന്നും പരിശീലനം ലഭിച്ചവർക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന നൽകുന്നതാണ് എന്ന് വേങ്ങേരി കാർഷിക പരിശീലന കേന്ദ്രം കൃഷി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

**മൃഗപരിപാലന നിർദ്ദേശങ്ങൾ**

10. തൊഴുത്തിലോ പരിസരത്തോ എലി ശല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ട് നിറം, മഞ്ഞപ്പിത്തത്തിന്റെ മറ്റു ലക്ഷണങ്ങളോ കാണുന്ന പക്ഷം ഉടനെ വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം രക്ത പരിശോധന നടത്തി രോഗനിർണയം നടത്തുക.